**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5524** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള , പട്ടാമ്പിയിലെ പ്രീ മെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1989 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തനം ആരംഭിച്ച പട്ടാമ്പി പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കുട്ടികൾ ഇല്ലാത്തതിനാൽ 2011 ൽ അടച്ചു പൂട്ടുകയാണുണ്ടായത്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പട്ടാമ്പിയിൽ പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | പ്രസ്തുത കെട്ടിടത്തിൽ, പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട്, ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രവർത്തനം നിലച്ച കെട്ടിടം ആയതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കിയതിനു ശേഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പരിശീലനം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ